**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3562** **08-10-2025 - ൽ മറുപടിയ്ക്ക്**

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി നിവാസികളിലെ അർഹരായവർക്ക് പട്ടയം ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | താഴേക്കോട് വില്ലേജിലെ റീസർവ്വെ നമ്പർ 91-ൽ 18.12 ഏക്കറും, 99-ൽ 7.72 ഏക്കറും, ആകെ 25.84 ഏക്കർ ഭൂമി റിസർവ്ഡ് ഫോറസ്റ്റ് 1972-ലെ G.O (Ms) No. 407/72/Agri (Forest Special) സർക്കാർ ഉത്തരവ് അനുസരിച്ച് റവന്യൂ വകുപ്പിന് കൈമാറി കിട്ടിയതും ടി ഭൂമി 1981-ൽ 243 പേർക്ക് കേരളാ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 1970 പ്രകാരം പതിച്ചു നൽകിയതുമാണ്. ഇതിൽ അനർഹമായി പട്ടയം ലഭിച്ചവരുടെ പട്ടയം റദ്ദ് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 190 പേരുടെ പട്ടയങ്ങൾ റദ്ദ് ചെയ്തത് VFL (Vested Forest Land Assignment Act) പ്രകാരമാണ്. ആയത് Arable Forest Land Assignment Rules 1970 റൂൾ 16 പ്രകാരം ആയിരുന്നു റദ്ദ് ചെയ്യേണ്ടിയിരുന്നത്. പ്രസ്തുത റൂൾ പ്രകാരം ടി പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനും അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനും സർക്കാർ ഉത്തരവ് (കൈ) നമ്പർ 267/2025/RD തീയതി 03/09/2025 പ്രകാരം ഉത്തരവായിട്ടുള്ളതും ആയതുപ്രകാരമുള്ള പട്ടയ വിതരണ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.<br><br>മംഗലശ്ശേരി നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.<br><br>• സർക്കാർ ഉത്തരവ് (കൈ) നമ്പർ 267/2025/RD തീയതി 03/09/2025 പ്രകാരം പട്ടയം അനുവദിക്കുന്നതിന്/റദ്ദ് ചെയ്യുന്നതിന്, 1970-ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 16 പ്രകാരം ഭൂമി പതിച്ചു കിട്ടിയവരെ മുഴുവൻ നേരിൽ കേട്ട ശേഷം വ്യവസ്ഥകൾ ലംഘിച്ചവരുടെ/ അനർഹരുടെ പട്ടയം റദ്ദ് ചെയ്യേണ്ടതുണ്ട് (ടി 190 പേർ ഉൾപ്പെടെ). ടി കക്ഷികൾക്ക് |

| | | | |
|---|---|---|---|
| | | | Arable Forest Land Assignment Rules 1970 മാനദണ്ഡപ്രകാരം പട്ടയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.<br>• 1970-ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് 9 പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ ഭൂമിയുടെ സ്ഥാനവും വ്യാപ്തിയും കണക്കാക്കിക്കൊണ്ട് ഒരു പട്ടിക തയ്യാറാക്കേണ്ടതുണ്ട്. സർക്കാർ പതിച്ചു നൽകിയതിൽ കൂടുതൽ ഭൂമി കൈവശം വെക്കുന്നവരിൽ നിന്നും ആയത് ഒഴിപ്പിക്കണം. ആയതു പ്രകാരം നടപടികൾ കൈക്കൊള്ളുന്നതിന് ടി ഭൂമി വനം വകുപ്പിന്റെയും ജില്ലാ സർവ്വെ സൂപ്രണ്ടിന്റെയും റവന്യൂ വകുപ്പിന്റയും സംയുക്താഭിമുഖ്യത്തിൽ സർവ്വേ ചെയ്യേണ്ടതുണ്ട്.<br>• അർഹരായവർക്ക് പുതിയ പട്ടയം അനുവദിക്കേണ്ടതുണ്ട്. മുൻപ് ഭൂമി പതിച്ചു കിട്ടിയവരെ നേരിൽ കേൾക്കുന്നതിനും ആയത് Arable Forest Land Assignment Rules 1970 മാനദണ്ഡപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും കോഴിക്കോട് തഹസിൽദാരെ ചുമതലപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് പട്ടയവിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | രണ്ടു മാസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നുള്ള വിവരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗലൂർ ദേശത്ത് റീസർവ്വെ **91**-ൽ ഉൾപ്പെട്ട **18.12** ഏക്കറും റീസർവ്വെ **99**-ൽ പ്പെട്ട **7.72** ഏക്കറും ഉൾപ്പെടെ **25.84** ഏക്കർ ഭൂമിയിൽ താമസിക്കുന്ന മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**267/2025/RD** തീയതി,തിരുവനന്തപുരം, **03-09-2025**

---

പരാമർശം:-

1. അഗ്രികൾച്ചറൽ (ഫോറസ്റ്റ് ജനറൽ) വകുപ്പിന്റെ **30.11.1972** തീയതിയിലെ സ.ഉ. (എം.എസ്.) **407/72**/അഗ്രി. നമ്പർ സർക്കാർ ഉത്തരവ്
2. **25.03.2003** തിയ്യതിയിലെ കോഴിക്കോട് ജില്ലാ കളക്ടറുടെ **L6-6817/00** നമ്പർ കത്ത്
3. **12.01.2010** ലെ സ.ഉ (കൈ)നം. **15/2010**/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ **17.07.2024** - ലെ **LR/384/2024-LRJ12 (PM-SC-3)** നമ്പർ കത്ത്
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ **06.02.2025** - ലെ **LR/384/2024-LR (PM-4)**നമ്പർ കത്ത്
6. **11.08.2025** ലെ സ.ഉ(കൈ)നം. **241/2025**/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

താമരശ്ശേരി റെയ്ഞ്ചിനു കീഴിലെ **Ambalakandy Plantation,**

Pozhiamangalassery, Puthalathu Chittarikkal Plantation എന്നീ 3 തേക്ക് പ്ലാന്റേഷനുകളിലായുണ്ടായിരുന്ന 10.79 ഹെക്ടർ (26.66 ഏക്കർ) ഭൂമി കൃഷിക്കാർക്ക് പതിച്ചു നൽകുന്നതിനായി " ഡിസ് - റിസർവ്വ് " ചെയ്ത് റവന്യൂ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിന് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 1970-ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം പതിവ് നടപടികൾ സ്വീകരിച്ച് AVFL സ്പെഷ്യൽ തഹസിൽദാർ മുഖേന 243 പേർക്ക് 10 സെന്റ് ഭൂമി വീതം പതിച്ചു നൽകിയിരുന്നതും, ടി പട്ടയങ്ങൾ 16/08/1980 - ന് വിതരണം ചെയ്തിട്ടുള്ളതാണ്.

2. എന്നാൽ, പ്രസ്തുത ഭൂമി വിതരണത്തിൽ ക്രമക്കേട് ഉണ്ടെന്നും നിലവിൽ ഭൂമി കൈവശമുള്ളവർക്കും, ഒരു വീട്ടിൽ തന്നെ ഒന്നിലധികം പേർക്കും, മരണപ്പെട്ടവർക്കും പട്ടയം വിതരണം ചെയ്തതായും നിരവധി പരാതികൾ ലഭിക്കുകയും, ആയതിന്മേൽ അന്വേഷണം നടത്തുകയും ചെയ്തു.

3.നിക്ഷിപ്ത വനഭൂമിയാണെന്ന ജില്ലാ കളക്ടറുടെ പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ലംഘിച്ചവരുടെ പട്ടയങ്ങൾ 1974 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് ( വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിന്റെ വ്യവസ്ഥകൾ പ്രകാരം റദ്ദ് ചെയ്യുവാൻ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. നിലവിൽ മംഗലശ്ശേരി തോട്ടം ഭൂമിയിലുള്ള 111 പേരാണ് പട്ടയ പ്രശ്നങ്ങൾ നേരിടുന്നത്. ടി കക്ഷികൾക്ക് പുതിയ പട്ടയം അനുവദിക്കുന്നതിനായി പരാമർ ശം (3), 2010-ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ടോ/റദ്ദാക്കിക്കൊണ്ടോ പുതുക്കിയ/പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും, ടി ഉത്തരവിൽ, 1974-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പട്ടയം റദ്ദ് ചെയ്യുവാനാണ് ഉത്തരവായിരുന്നതെന്നതിനാൽ 2010-ലെ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ആയതിൽ 1970-ലെ അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം പട്ടയം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്ത് ഉത്തരവായാൽ മാത്രമേ പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പരാമർശം (5) പ്രകാരം ലാൻഡ്

റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. എന്നാൽ മേൽ സൂചിപ്പിച്ച ഭൂമി റവന്യൂ വകുപ്പിന് കൈമാറിയതും, 1970-ലെ ആരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം പതിച്ചു നൽകിയിട്ടുള്ളതും 1980-ലെ വനസംരക്ഷണ നിയമം നിലവിൽ വന്ന 25.10.1980 തീയതിക്ക് മുൻപാണ്. ആയതിനാൽ, പ്രസ്തുത ഭൂമിക്ക് 1980 -ലെ Van (Sanrakshan Evam Samvardhan) Adhiniyam ന്റെ വകുപ്പ് 2(1) പ്രകാരമുള്ള de-reservation നടപടികൾ ആവശ്യമില്ലാത്തതിനാലും, പട്ടയം റദ്ദ് ചെയ്യുന്നതിന് 1970-ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത് എന്നതിനാലും, അനർഹരായവരുടെ പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ 2010-ൽ ഉത്തരവായിരുന്നുവെങ്കിലും, ആയതുമായി ബന്ധപ്പെട്ട് കക്ഷികളെ നേരിൽ കേൾക്കുകയും 111 പേർ അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ടെങ്കിലും അനർഹരായവരുടെ പട്ടയങ്ങളൊന്നും തന്നെ റദ്ദ് ചെയ്യപ്പെട്ടിട്ടില്ല .

1970 ലെ The Arable forest Land Assignment Rules 2 (b) , 4,16 എന്നിവ താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു;

"2(b).- Arable forest lands means forest lands transferred from the forest department to the Revenue Department under proper order of the Government for the purpose of assignment under these rules , and includes such other lands as may be notified by the Government in this behalf from time to time."

" 4. Maximum limit to be Assigned to a family.- The Extend of land that may be assigned in favour of a single family under these rules shall not ordinarily exceed two acres."

"16. Cancellation of assignment.-(1) The assignment shall be liable to be cancelled for contravention of the provisions of these rules or if it is found that it was grossly inequitable or was made under a mistake of facts or owing to misrepresentation of facts or in excess of the limits of

**the powers delegated to the assigning authority or that there was an irregularity in the procedure."**

**6.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത ഭൂമി പതിച്ച് നൽകിയത് **1970**-ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരമായതിനാലും, ടി ഭൂമിക്ക് **1980** -ലെ **Van (Sanrakshan Evam Samvardhan) Adhiniyam** ന്റെ വകുപ്പ് **2(1)** പ്രകാരമുള്ള **de-reservation** നടപടികൾ ആവശ്യമില്ലാത്തതിനാലും, പട്ടയം റദ്ദ് ചെയ്യുന്നതിന് **1970** - ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് ചട്ടം **16** പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത് എന്നതിനാലും, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗലൂർ ദേശത്ത് റീസർവ്വെ **91**-ൽ ഉൾപ്പെട്ട **18.12** ഏക്കറും റീസർവ്വെ **99**-ൽ പ്പെട്ട **7.72** ഏക്കറും ഉൾപ്പെടെ **25.84** ഏക്കർ ഭൂമിയിൽ താമസിക്കുന്ന മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം നൽകുന്നതിന് പുറപ്പെടുവിച്ച പരാമർശം **(6), 11.08.2025**-ലെ സ.ഉ(കൈ)നം. **241/2025**/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പൂർണമായും റദ്ദു ചെയ്ത് കൊണ്ടും, താഴെ പറയും വിധം അനുവാദം നൽകിക്കൊണ്ടും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

എ. **12.01.2010**-ലെ സ.ഉ (കൈയ്യെഴുത്ത്) **15/2010**/റവന്യു നമ്പർ സർക്കാർ ഉത്തരവ് പൂർണമായും റദ്ദു ചെയ്യുന്നു.

ബി. **1970** - ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം കോഴിക്കോട് ജില്ലയിലെ താഴെക്കോട് റീസർവ്വെ **91, 99** നമ്പറുകളിൽ പ്പെട്ട മംഗലശ്ശേരി തോട്ടം പ്രദേശത്ത് ഭൂമി പതിച്ചു കിട്ടിയവരെ നേരിൽ കേട്ട ശേഷം, വ്യവസ്ഥകൾ ലംഘിച്ചവരുടെ / അനർഹരായവരുടെ പട്ടയം **1970** - ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസിലെ ചട്ടം**1 6** പ്രകാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുമ്പോൾ നിലവിലെ കൈവശക്കാർ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ച് കിട്ടുന്നതിന് അർഹതയുള്ളവരാണെങ്കിൽ അവർക്ക് പട്ടയം

അനുവദിക്കാവുന്നതാണ്.

സി. കുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തി അവരിൽ നിന്നും റവന്യൂ റിക്കവറി നടപടിക്രമം വഴി കുടിശ്ശിക ഈടാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക (ആകെ 53,816/- രൂപ) എഴുതിതള്ളാവുന്നതാണ്.

ഡി. സർക്കാർ പതിച്ചു നൽകിയതിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അർഹരായവർക്ക് പതിച്ചു നൽകുന്നതിനും നടപടി സ്വീകരിയ്ക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

**To**

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോഴിക്കോട്
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 06.08.2025 ലെ മന്ത്രിസഭാ യോഗ തീരുമാനം നം 3171 പ്രകാരം)
4. I & PRD, Web & New Media (പ്രസിദ്ധീകരണത്തിന്)
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ